ADHS (PH)

24/9/12

71150

**കേരള സർക്കാർ**

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി താത്കാലികമായി നിയമിതരായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം മൂന്ന് മാസത്തേക്കു കൂടി താത്കാലികമായി തുടരാൻ അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

**സ. ഉ.(കൈയ്യെഴുത്ത്)നം. 308/2012/ആ.കു.വ. തീയതി, തിരുവനന്തപുരം, 20/09/2012.**

---

പരാമർശം: 20/06/2012-ലെ സ. ഉ.(കൈയ്യെഴുത്ത്)നം. 187/2012/ആ.കു.വ

## ഉത്തരവ്

സംസ്ഥാനത്തെ പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെ ആശുപത്രികളിൽ സ്പെഷ്യാലിറ്റി വിഭാഗം ഉൾപ്പെടെയുള്ള ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, ക്ലീനിംഗ് സ്റ്റാഫ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, സ്പ്രേ മാൻ എന്നിവരെ, വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തി, മൂന്ന് മാസത്തേക്ക് താത്കാലികമായി നിയമിക്കുവാൻ പരാമർശത്തിലെ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് നിയമിതരായ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ, ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം മൂന്ന് മാസത്തേക്കു കൂടി താത്കാലികമായി തുടരാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**കെ. സുദർശനൻ,**
**അഡീഷണൽ സെക്രട്ടറി.**

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ. ആർ. എച്ച്. എം., തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് (എൻ.ആർ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, തിരുവനന്തപുരം
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറിയുടെ ഓഫീസ്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ജലവിഭവ വകുപ്പ്
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ (എസ്.സി.) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിൻപ്രകാരം,**

**സെക്ഷൻ ഓഫീസർ.**

മേലെഴുത്ത് നം. പി.എച്ച്4 - 43375/2012/ആ.കു.ഡ. തീ. 26-9-2012

പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും അറിവിലേക്കായി / അനന്തര നടപടികൾക്കായി നൽകുന്നു

ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി